പതിനഞ്ചാം കേരളനിയമസഭ
പതിനാലാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
29-09-2025

നിയമനിർമ്മാണം

ബിൽ അവതരിപ്പിക്കുന്നതിലെ നിയമ തടസ്സം

2025 സെപ്റ്റംബർ 29-ാംം തീയതി നിയമനിർമ്മാണകാര്യത്തിൽ , 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണവേളയിൽ, പ്രസ്തുത ബില്ലിലെ 5-ാംം വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയിൽ ആഭ്യന്തര വിജിലൻസും മോണിറ്ററിങ് സംവിധാനവും ഏർപ്പെടുത്തുന്നതിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ യാത്രാബത്ത ഉൾപ്പെടെയുള്ള ഇനങ്ങളിൽ ഉണ്ടാകാനിടയുള്ള അധിക ചെലവുകളെക്കുറിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ പരാമർശിച്ചിട്ടില്ലെന്നും വകുപ്പ് 447 (1) (ബി)-യിൽ വരുത്തിയ ഭേദഗതി ഭരണഘടനയുടെ 243-ാംം അനുച്ഛേദത്തിന്റെ അന്ത :സത്തയ്ക്ക് വിരുദ്ധവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുന്നതുമാണെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടാണ് ആഭ്യന്തര വിജിലൻസ് സംവിധാനം ഏർപ്പെടുത്തുന്നതെന്നും പുതുതായി ആരെയും നിയമിക്കാത്തതുകൊണ്ട് അധിക സാമ്പത്തിക ബാധ്യത വരുന്നില്ലെന്നും അതിനാൽ അധിക ചെലവുകളെക്കുറിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിട്ടില്ലെന്ന തടസ്സവാദം നിലനിൽക്കുന്നതല്ലെന്നും അധിക സാമ്പത്തിക ബാധ്യത ഇല്ലാതെതന്നെ എല്ലാ വികസന ക്ഷേമ പ്രവർത്തനങ്ങളെയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്ന വ്യവസ്ഥകൂടി കൊണ്ടുവന്നിട്ടുണ്ടെന്നും അധികാരവികേന്ദ്രീകരണം സംബന്ധിച്ച ഭരണഘടനയുടെ അനുച്ഛേദം

243W-ന്റെ അന്ത:സത്ത പൂർണ്ണമായും പാലിച്ചുകൊണ്ട് ഇ ൗസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായാണ് ടി ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്നും ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിങ് നൽകി.+

"ബില്ലിൽ വിശദമായ ധനകാര്യ മെമ്മോറാണ്ടം ഇല്ലെന്നും ബില്ലിന്റെ ഖണ്ഡം 9 പ്രകാരം മൂലനിയമത്തിലെ വകുപ്പ് 447 (1) (ബി)-യിൽ വരുത്തിയ ഭേദഗതി ഭരണഘടനാനുസൃതമല്ലെന്നുമുള്ള തടസ്സവാദത്തിന്മേൽ ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ വിശദീകരണം സ്വീകാര്യമായി കാണുന്നതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ല."

+